**Code No. 7002**

*For Scheme-I & Scheme-II Candidates*

**Second Year – March 2015**

Time : 2 ½ Hours
Cool-off time : 15 Minutes

Part – II

# മലയാളം

# (MALAYALAM)

Maximum : 80 Scores

**നിർദ്ദേശങ്ങൾ :**

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും. ഈ സമയത്ത് ചോദ്യങ്ങൾക്ക് ഉത്തരം എഴുതാനോ, മറ്റുള്ളവരുമായി ആശയവിനിമയം നടത്താനോ പാടില്ല.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.
- ഒരു ചോദ്യനമ്പർ ഉത്തരമെഴുതാൻ തെരഞ്ഞെടുത്തു കഴിഞ്ഞാൽ ഉപചോദ്യങ്ങളും അതേ ചോദ്യനമ്പരിൽ നിന്ന് തന്നെ തെരഞ്ഞെടുക്കേണ്ടതാണ്.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

1. വിശകലനക്കുറിപ്പ് തയ്യാറാക്കുക.

'സമൂഹത്തിന്റെ മുന്നിൽ ഒരു സംഭവം ചർച്ച ചെയ്യപ്പെടണമെങ്കിൽ ഒരു രക്തസാക്ഷി കൂടിയേ തീരൂ' (കൊമാല)

കഥയിലെ ഈ വാക്യം നമ്മുടെ മാധ്യമ സംസ്കാരത്തെ പ്രതിനിധാനം ചെയ്യുന്നില്ലേ ? കഥയിലെ സന്ദർഭങ്ങളും സമകാലിക സംഭവങ്ങളും വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക. **(ഒന്നരപ്പുറം – സ്കോർസ് : 8)**

2. വിശകലനം ചെയ്യുക.

"വാസരത്തൊഴിലാളികൾ വന്നു
വാതിലിൽ ദൃഢം മുട്ടിയെന്നാലും
മെത്ത കൈവിടാതെൻ ഹൃദയത്തിൽ
നിദ്രചെയ്തൊരക്കാവ്യ സല്ലാപം"

അടിയിൽ വരയിട്ടിരിക്കുന്ന പ്രയോഗങ്ങളിൽ തെളിയുന്ന ജീവിതവീക്ഷണങ്ങളുടെ വ്യത്യാസം വിശകലനം ചെയ്ത് കുറിപ്പെഴുതുക.

**(അരപ്പുറം – സ്കോർസ് : 6)**

3. പ്രതികരണക്കുറിപ്പെഴുതുക.

- വാർദ്ധക്യ ചിഹ്നങ്ങൾ പഴയ അന്തസ്സും പ്രാധാന്യവും നഷ്ടപ്പെട്ട് ഭയങ്കരമാവുകയാണ്.
- വാർദ്ധക്യ ലക്ഷണങ്ങൾ ഒളിച്ചുവെക്കാനുള്ള പരിശ്രമങ്ങൾ സാർവത്രികമാകുന്നു.

(വെള്ളസോക്സിട്ട മുടിനാരുകൾ)

ഈ അവസ്ഥയോട് നിങ്ങൾക്കുള്ള പ്രതികരണം കുറിപ്പായെഴുതുക.

**(ഒരുപുറം – സ്കോർസ് : 6)**

4. കുറിപ്പ് തയ്യാറാക്കുക.

- കഴകങ്ങളും കാവുകളുമാണ് മറത്തുകളിയുടെ അവതരണ കേന്ദ്രം.
- മറത്തുകളിയിലെ ഓരോ ഘട്ടത്തിലും വാഗ്വാദത്തിനുള്ള സന്ദർഭം ലഭിക്കും.
- തീയ്യരും മണിയാണികളുമാണ് മറത്തുകളി അവതരിപ്പിക്കുന്നത്.
- മറത്തുകളിയുടെ പ്രേക്ഷകർക്ക് നല്ല അറിവ് ലഭിക്കുന്നു.

മുകളിൽ കൊടുത്തിട്ടുള്ള സൂചനകൾ വികസിപ്പിച്ച് മറത്തുകളിയെ പരിചയപ്പെടുത്തുന്ന കുറിപ്പ് തയ്യാറാക്കുക. **(അരപ്പുറം – സ്കോർസ് : 6)**

5. ആസ്വാദനം തയ്യാറാക്കുക.

'പഥേർ പാഞ്ചാലിയിൽ നാലു ദുരിത യാഥാർത്ഥ്യങ്ങളുണ്ട്; ദാരിദ്ര്യം, രോഗം, വാർദ്ധക്യം, മരണം'

വാക്യത്തിലെ സൂചനകളെ മുൻനിർത്തി 'പഥേർ പാഞ്ചാലി' എന്ന സിനിമയ്ക്ക് ആസ്വാദനം തയ്യാറാക്കുക. **(ഒന്നരപ്പുറം – സ്കോർസ് : 8)**

6. അർത്ഥതലം കണ്ടെത്തുക.

'കഥ അവിടെ എത്തിയപ്പോഴേക്കും മനസ്സിന്റെ ഗാലറികൾ നിറഞ്ഞുകഴിഞ്ഞിരുന്നു.

അശ്രദ്ധനായ ഗോളി പെനാൽറ്റി കിക്കുകൾ എല്ലാം പിടിച്ചുവെങ്കിലും ഒന്നിനു പുറകേ ഒന്നായി എല്ലാ പന്തുകളും അയാളുടെ കൈയ്യിൽനിന്ന് വഴുതിവീണു.' (ഹിഗ്വിറ്റ)

ലൂസിയുടെ കഥകേട്ടുനില്ക്കുന്ന ഗീവർഗീസച്ചനെ അവതരിപ്പിക്കുന്ന ഈ വാക്യങ്ങൾക്ക് സന്ദർഭത്തിലുള്ള അർത്ഥമെന്തെന്ന് കണ്ടെത്തി എഴുതുക.

**(അരപ്പുറം – സ്കോർസ് : 6)**

7. അപഗ്രഥിക്കുക.

'പനിപിടിച്ച സംഭാഷണങ്ങളെ ഉരുളൻ കല്ലുകൾ പരിരംഭണം ചെയ്ത് വെളുപ്പിക്കുന്നു.' മുകളിൽ കൊടുത്ത വാക്യത്തിന് ഭാഷയിൽ എന്തെങ്കിലും സാദ്ധ്യതയുണ്ടോ എന്ന് പരിശോധിച്ച് കുറിപ്പെഴുതുക. **(സ്കോർസ് : 4)**

8. ആശയസൂചന എഴുതുക.
വായനാദിനത്തോടനുബന്ധിച്ച് പ്രസിദ്ധീകരിക്കുന്ന ലഘുലേഖയിൽ ഉൾപ്പെടുത്തുവാൻ, വായനകൊണ്ടുള്ള പ്രയോജനം വ്യക്തമാക്കുന്ന നാല് ആശയസൂചനകൾ എഴുതുക. മാതൃക – വായന അറിവുനൽകുന്നു. **(സ്കോർസ് : 4)**

9. കുറിപ്പ് തയ്യാറാക്കുക.

- "ആരാണ് നല്ല മനുഷ്യൻ എന്ന അന്വേഷണത്തിന്റെ ഉത്തരമായിരുന്നു ബഷീർ ദ മാൻ"

സംവിധായകന്റെ ഈ അഭിപ്രായത്തെ സാധൂകരിക്കുന്ന രംഗങ്ങൾ ഡോക്യുമെന്ററിയിൽനിന്ന് ചൂണ്ടിക്കാട്ടി വിശദീകരിക്കുക. **(ഒരുപുറം – സ്കോർസ് : 6)**

10. വിശകലനക്കുറിപ്പ് തയ്യാറാക്കുക.

'മരണത്തെപ്പറ്റിയുള്ള ഒരു ഹ്രസ്വ ചിത്രമാണോ താൻ കണ്ടുകൊണ്ടിരിക്കുന്നത് ?' 'കൊമാല' എന്ന കഥയിൽ റോഡപകടം കണ്ടിരിക്കുന്ന മനുഷ്യരെ കാണുമ്പോൾ വിശ്വൻ കുണ്ടൂർ ആലോചിച്ചുപോകുന്നതാണിത്. വാക്യത്തിന്റെ വിവക്ഷിതാർത്ഥം വിശകലനം ചെയ്യുക. **(അരപ്പുറം – സ്കോർസ് : 6)**

11. അർത്ഥതലം വ്യക്തമാക്കുക.

- കവിതയിലെ ഓരോ വാക്കും അതിന്റെ ഘടനയിൽനിന്ന് സവിശേഷമായ അർത്ഥങ്ങൾ സ്വീകരിക്കുന്നു – (സച്ചിദാനന്ദൻ)

"എല്ലാം വിടർന്നു പരിമളം തൂവട്ടേ-

യെല്ലാം ചിതറട്ടേ വർണശോഭ.

എല്ലാമിതളുകൾ നീട്ടി വലിപ്പമാർ-

ന്നുല്ലാഘഭാവമിയന്നിടട്ടേ" (ദുരവസ്ഥ)

മുകളിൽ കൊടുത്ത പ്രസ്താവനയെ മുൻനിർത്തി കാവ്യഭാഗത്തിന്റെ അർത്ഥതലം വിശദമാക്കുക. **(അരപ്പുറം – സ്കോർസ് : 6)**

12. പ്രതികരണക്കുറിപ്പ് തയ്യാറാക്കുക.

താഴെ കൊടുത്തിട്ടുള്ള വാർത്തയിലെ സംഭവത്തോട് നിങ്ങൾക്കുള്ള പ്രതികരണം മലയാളത്തിൽ എഴുതുക.

**<u>Remove seized vehicles from roadside : Court</u>**

**Kochi:** The high court on Friday ordered to remove vehicles seized by police and dumped on the roadside. A division bench comprising acting chief justice Ashok Bhushan and justice A.M. Shaffique issued the directive while considering a petition filed by freelance journalist Gopalakrishna Shenoy of Payyannur in Kannur.

**(സ്കോർസ് : 6)**

13. പ്രതികരണക്കുറിപ്പ് തയ്യാറാക്കുക.

- 'മലയാളിക്ക് ശരിയായ ആരോഗ്യജീവിതത്തെക്കുറിച്ച് അറിവുനൽകുന്നതിൽ നമ്മുടെ മാധ്യമങ്ങൾ വഹിക്കുന്ന പങ്ക് അഭിനന്ദനാർഹമാണ്.
- രോഗഭീതിമൂലം ആത്മവിശ്വാസം നഷ്ടപ്പെട്ട ഒരു സമൂഹത്തെയാണ് നമ്മുടെ മാധ്യമങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്.

ഒരു സംവാദത്തിൽ ഉയർന്നുകേട്ട രണ്ടഭിപ്രായങ്ങളാണ് മുകളിൽ കൊടുത്തിട്ടുള്ളത്. രണ്ടഭിപ്രായങ്ങളും പരിശോധിച്ച് നിങ്ങളുടെ നിലപാട് വ്യക്തമാക്കുക.

**(ഒന്നരപ്പുറം – സ്കോർസ് : 8)**